പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :2145

19.06.2012 - ൽ
മറുപടിയ്ക്ക്

## സിഡ്കോ മുഖാന്തിരം സ്ഥാപിക്കുന്ന ഹൈമാസ്റ്റ് - ലൈറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സിഡ്കോ ഹൈമാസ്റ്റ് - ലൈറ്റുകളുടെ ഉൽപാദനമോ വിതരണമോ നടത്തുന്നുണ്ടോ ; | : | (എ) സിഡ്കോ ഹൈമാസ്റ്റ് - ലൈറ്റുകളുടെ ഉൽപാദനം നടത്തുന്നില്ല. എന്നാൽ വിതരണം നടത്തുന്നുണ്ട്. |
| (ബി) നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്ന ഹൈമാസ്റ്റ് - ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിഡ്കോയ്ക്ക് ലഭിക്കുന്ന പ്രവൃത്തികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടത്തുന്നത് ; | : | (ബി) നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസനഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സിഡ്കോയ്ക്ക് ലഭിക്കുന്ന പ്രവൃത്തികൾ സിഡ്കോയിൽ എംപാനൽ ചെയ്തിട്ടുള്ള യൂണിറ്റുകൾ മുഖാന്തിരമാണ് വിതരണം ചെയ്യുന്നത്. |
| (സി) പ്രസ്തുത ലൈറ്റുകളുടെ സ്ഥാപനം, പരിപാലനം എന്നിവ നിർവ്വഹിക്കുന്നതിന് കൊല്ലം ജില്ലയിൽ സിഡ്കോ ചുമതലപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | : | (സി) പ്രസ്തുത ലൈറ്റുകളുടെ സ്ഥാപനം, പരിപാലനം എന്നിവ നിർവ്വഹിക്കുന്നതിന് കൊല്ലം ജില്ലയിൽ സിഡ്കോ ചുമതലപ്പെടുത്തിയ ഏജൻസികൾ ഉണ്ട്. Philips Make High Mast-ന്റെ സ്ഥാപനവും പരിപാലനവും M/s.Easy India-യും, Bajaj make High Mast-ന്റെ സ്ഥാപനവും പരിപാലനവും M/s.R.G.Electronics-മാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ